**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3653** **05-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി ബില്ലുകൾ ഒടുക്കുന്നതിന് ഉപഭോക്താക്കൾക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ബോർഡ് സ്വമേധയായും നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു: (1) 01.06.2020-ലെ സ.ഉ(സാധാ)നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് / ഡിമാൻഡ് ചാർജ്ജിൽ വ്യാവസായിക/വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 25% ഇളവുകൾ നൽകിയിരുന്നു. ബാക്കിയുള്ള 75% ഫിക്സഡ് ചാർജ്ജ് പലിശരഹിതമായി അടയ്ക്കുന്നതിന് 15.12.2020 വരെ സാവകാശം നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപ ബോർഡിന് ചിലവായിട്ടുണ്ട്. (2) കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗം മൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ് 26.06.2020-ലെ സ.ഉ(സാധാ)നം.80/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി അനുവദിച്ചിരുന്നു. താഴെപറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗം ഉള്ളതും, 500 വാട്ട്സ് കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപയോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്. പ്രതിമാസം 40 യൂണിറ്റുവരെ ഉപഭോഗം ഉള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്ക് |

താഴെയുള്ളതുമായ ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപയോഗം എത്ര ആയിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. 20.04.2020 മുതൽ 19.06.2020 വരെയുള്ള ബില്ലുകളിൽ, ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന തുകയുടെ നിശ്ചിത ശതമാനം മറ്റ് ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി സബ്സിഡിയായി ഗവൺമെന്റ് നൽകിയിരുന്നു. കൂടാതെ ഈ ബില്ലുകൾ 31.12.2020 വരെ ഒരുമിച്ചോ തവണ വ്യവസ്ഥയിലോ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. ഇതുപ്രകാരം സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് 175 കോടി രൂപയുടെ സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം 74 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രതിമാസ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ സബ്സിഡി നിരക്കുകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (3) 28/01/2021-ലെ സ.ഉ(സാധാ)നം.14/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സിനിമാ തിയേറ്ററുകൾക്ക് 2020 മാർച്ച് മുതൽ ഡിസംബർ വരെയുള്ള 10 മാസക്കാലയളവിലേക്ക് ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ 50% ഇളവ് അനുവദിച്ചിരുന്നു. ഇക്കാലയളവിലെ ബാക്കിയുള്ള ബിൽ തുക അടയ്ക്കുന്നതിന് 5 തുല്യ തവണകൾ അനുവദിച്ചിരുന്നു. ഇതുമൂലം 3.28 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായി. (4) 28.06.2021 - ലെ സ.ഉ(സാധാ)നം.84/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിനിമാ തിയേറ്ററുകളുടെ 2021 മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ 50% ഇളവും, വാണിജ്യ/വ്യവസായ ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ 25% ഇളവും നൽകിയിരുന്നു. ഇതിനു പുറമെ ബാക്കിയുള്ള തുക 30.09.2021 നകം പലിശരഹിതമായി അടയ്ക്കുന്നതിന് 3 തുല്യ തവണകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മൂലം 24.37 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. (5) കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31.07.2020 വരെ), ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31.12.2020 വരെ), 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31.05.2020 വരെ പലിശരഹിതമായി

| | | | |
|---|---|---|---|
| | | | അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പ്രതിമാസ ശരാശരി ഉപഭോഗം (യൂണിറ്റിൽ) | സബ്സിഡി നിരക്കുകൾ |
|---|---|
| 50 യൂണിറ്റ് വരെ | 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിലെ വർദ്ധനവിന്റെ 50 ശതമാനം. |
| 100 യൂണിറ്റ് വരെ | വർദ്ധനവിന്റെ 30 ശതമാനം |
| 150 യൂണിറ്റ് വരെ | വർദ്ധനവിന്റെ 25 ശതമാനം |
| 150 യൂണിറ്റിൽ കൂടുതൽ | വർദ്ധനവിന്റെ 20 ശതമാനം |

സെക്ഷൻ ഓഫീസർ